NAN HINDO AYATENTINO.

THALA AND ... NA...KAL

Q2Z7
32F8

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

32F8
ANANDA
yaten-

MUL
097739

Madras University Library.

DOCTRINA-VIM-PROMOVET INSITAM

Call Number Q277 32F8

Accession Number 97739

Available for loan from

This book should be returned on or before the date last marked below.

O. 61

കാലടി അദ്വൈതാശ്രമഗ്രന്ഥാവലി നമ്പർ ൭.

# ഞാൻ ഹിന്ദുവായതെന്തിന്?

അതുലാനന്ദസ്വാമികൾ.
(ഹൈബ്ളോം).

# ഞാൻ

# ഹിന്ദുവായതെന്തിന്?

---

ഗ്രന്ഥകർത്താവ്.

**അതുലാനന്ദ സ്വാമികൾ.**

---

പരിഭാഷകൻ.

**ആഗമാനന്ദ സ്വാമികൾ.**

B. V. BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS
BOOK SELLERS ETC.
TRIVANDRUM, TRICHUR.

---

4-ാം പതിപ്പ് കോപ്പി 1000.

N. B. ഈ പുസ്തകത്തിന്റെ അച്ചടിച്ചിലവ് കൽക്കത്തായിലെ എക്സ് ഡെപ്യൂട്ടിമേയറും അഡ്വക്കേറ്റുമായ ശ്രീയുത് എസ്സ്. കെ. ചൗധരി അവർകളുടെ സംഭാവനയാണെന്നുള്ള വിവരം സന്തോഷസമേതം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

വില. അണ 1 *

Printed at
The Harinalaya Press.
Ettumanoor.

---

* പല പ്രതികൾ ഒന്നിച്ചെടുക്കുന്നവക്ക് എട്ടണമാത്രം.

# മുഖവുര.

* ബ്രഹ്മചാരി ഗുരുദാസ്, എന്നുപേരായ ഒരു ഡച്ച് ഹിന്ദു
കൽക്കട്ടാ വിവേകാനന്ദസംഘത്തിൽ വെച്ചു ചെയ്ത പ്രസംഗമാണ്
ഇതിലെ വിഷയം. മിസ്റ്റർ. ഹൈബ്ളോം എന്ന പാശ്ചാത്യ നാമ
ധാരിയായിരുന്ന ഇദ്ദേഹം ഹിന്ദുധർമ്മവും ഹിന്ദുനാമവും സ്വീകരിച്ച
തെങ്ങിനെയെന്നുള്ളതിനു പുറമേ ഭാരതഭൂമിയുടെ ആത്മികനില, ഹി
ന്ദുമതവും ക്രിസ്തുമതവും തമ്മിലുള്ള സംബന്ധം, ഭാരതീയരുടെ കർത്ത
വ്യകർമ്മം മുതലായ അനേക കാര്യങ്ങളെപ്പററി ഇതിൽ പ്രസ്താവിക്കു
ന്നു. ക്രിസ്തീയ മിഷണറിമാരുടെ കഠോരശ്രമങ്ങളും സാമുദായികമ
ത്സരങ്ങളും പ്രബലമായി പ്രചരിക്കുന്ന ഇന്നത്തെ കേരളത്തിന് ഒരു
വിദേശീയസഹോദരൻ ഹിന്ദുമതത്തെപ്പററിപറയുന്ന അഭിപ്രായങ്ങ
ൾ അറിയുന്നത് എല്ലാവിധത്തിലും ഉപകാരപ്രദമായിരിക്കുമെന്നു
ള്ള വിശ്വാസമാണ് എന്നെ ഈ ഭാഷാന്തരത്തിനു പ്രേരിപ്പിച്ചിട്ടു
ള്ളത്. ഇന്നുവരെ, ക്രിസ്തുമതം ഡ്വീകരിച്ച ഹിന്ദുക്കളുടെ 'ഞാൻ
ക്രിസ്ത്യാനിയായതെന്തിന്?' എന്നു പ്രതിപാദിക്കുന്ന ലഘുലേഖക
ൾ മാത്രമേ കേരളീയസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി അ
റിവുള്ളു. അതിനാൽ ആര്യധർമ്മത്തിൻെറ വിജയധ്വജങ്ങളിൽ ഒ
ന്നാമത്തതായിത്തന്നെ ഇതിനെ പരിഗണിക്കാം. ഈ വിജയധ്വജം
ആര്യമതസ്ഥന്മാരുടെ മതാഭിമാനം ഉദ്ദീപിപ്പിക്കുന്നതിന് ഉ[illegible]
രമായി ഭവിക്കുമെന്നാശിച്ചുകൊണ്ടും, അതിലേയ്ക്ക് അനുഗ്രഹിക്കു
ന്നതിനു സർവ്വശക്തനോടു പ്രാർത്ഥിച്ചുകൊണ്ടും ഈ ഗ്രന്ഥം സജ്ജ
നസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

97739

എസ്, പരിഭാഷകൻ.

---

* ഇദ്ദേഹം ഇപ്പോൾ സന്ന്യാസം സ്വീകരിച്ചിരിക്കുന്നു. ഇപ്പോഴത്തെ പേര് അതുലാനന്ദസ്വാമികൾ എന്നാണ്.

# ഞാൻ ഹിന്ദുവായതെന്തിന്.

'ഞാൻ ഹിന്ദുവായതെന്തിന്?' 'ഇൻഡ്യയിലെ എൻെറ അനുഭവം എന്ത്?' എന്നീവിഷയങ്ങളെക്കുറിച്ച പ്രസ്താവിക്കണമെന്നാണല്ലോ നിങ്ങൾ എന്നോട് ആവശ്യപ്പെട്ടിരിക്കുന്നതു്. ചോദ്യം ചോദിക്കാൻ വളരെ എളുപ്പം. എന്നാൽ ഉത്തരം പറയുന്നതു് അത്ര എളുപ്പമല്ല. ഇൻഡ്യയിലെ എൻെറ അനുഭവങ്ങൾ അന്യന്മാരെ ഗ്രഹിപ്പിക്കേണ്ടതു് എങ്ങനെയെന്നു ഞാൻ അറിയുന്നില്ല. അന്യരാജ്യത്തെക്കുറിച്ചു് ഒരുവൻെറ മനസ്സിൽ പതിയുന്ന അഭിപ്രായങ്ങൾ, വിശദവും നവീനവുമാണെങ്കിൽ മാത്രമേ അന്യന്മാരേ ഗ്രഹിപ്പിക്കാൻ സാധിക്കയുള്ളു. ഞാൻ ഇൻഡ്യയിൽ വളരെക്കാലം താമസിക്കയും ഇൻഡ്യയേയും ഇൻഡ്യാക്കാരേയും എൻെറ സ്വന്തമായി കരുതുകയും ചെയ്യുന്നതുകൊണ്ടു് ഒരു അന്യനാട്ടുകാരൻെറ നിലയിൽ നിന്നു നിങ്ങളേ നോക്കുവാൻ എനിക്കു നിവൃത്തിയില്ല. ഒരു അന്യനാട്ടുകാരൻ, താൻ സന്ദർശിക്കുന്ന രാജ്യത്തെ അന്യരാജ്യങ്ങളോടു താരതമ്യപ്പെടുത്തുകയും, ആ രാജ്യത്തുകാണുന്നതിനെക്കുറിച്ചെല്ലാം വിമർശിക്കയും ചെയ്യുന്നു. അയാൾ ദൂരെനിന്നു പര്യവേക്ഷണം ചെയ്യുന്നു. ജനങ്ങളോടു് എത്രയെല്ലാം സ്വതന്ത്രമായി പെരുമാറുകയും, സഹോദരഭാവത്തിൽ വർത്തിക്കയും ചെയ്താലും അയാൾ ഏറെക്കുറെ സാക്ഷിഭാവമാണവലംബിക്കുന്നതു്. ബാഹ്യമായി സ്വദേശികളുടെ വേഷവും ആചാരവും നടപടിയും അനുകരിച്ചാലും ഒരുവൻ ആഭ്യന്തരമായി ഒരു വെറും വിദേശിയായിരുന്നേയ്ക്കാം. സദുദ്ദേശ്യത്തോടെ ഒരു രാജ്യത്തിൻെറ അഭ്യുന്നതിക്കുവേണ്ടി വേലചെയ്യുന്നവരുടെ ഇടയിൽപോലും ഇങ്ങനെ ധാരാളം കാണാറുണ്ടു്. ക്രിസ്തീയോപദേശിമാർ തന്നേ ഇതിനു് ഒരു ഉത്തമദൃഷ്ടാന്തമാണു്. ഒരുവിദേശിയ ജനവിഭാഗത്തോടു് വാസ്തവമായ ഐക്യം പ്രാപിക്കണമെങ്കിൽ സ്നേഹവും സഹതാപവും മാത്രമുണ്ടായാൽ പോരാ; തൻെറ ഭൂതകാലസ്ഥിതികൾ മറന്നു് അവയോടുള്ള ബന്ധം വേർപെടുത്തി, ജീവിതം ഏറെക്കുറേ ഒരു പുതിയരീതിയിൽ ആരംഭിക്കുന്നതിനുതന്നെയും ആവശ്യമുള്ള ശക്തി ഉണ്ടായിരിക്കണം. എന്നാലും സങ്കലനം വളരെ മന്ദമായേ സംഭവിക്കയുള്ളു. അതു് ആഭ്യന്തരവികാസത്തിൽനിന്നും മനസ്സിൻെറ രൂപാന്തരപ്രാപ്തിയിൽ നിന്നും ആണു് ഉണ്ടാകേണ്ടതു്. ഒരു രാജ്യത്തെ ജനങ്ങളുമായി യഥാർത്ഥത്തിൽ ഐക്യം പ്രാപിക്കണമെന്നു് വിചാരിക്കുന്നവർ ആ ദേശത്തിൻെറയും ആ ദേശക്കാരുടേയും ജീവിതമർമ്മം, ആദർശം, അല്ലെങ്കിൽ ജീവൻ

എന്താണെന്ന് കണ്ടുപിടിച്ച് അതനുസരിച്ചു ജീവിക്കണം.

ഭാരതഭൂമിയുടെ ജീവചൈതന്യം ആദ്ധ്യാത്മികധർമ്മമാണ്. ഒരുവന്റെ ജീവിതാദർശം– പരമലക്ഷ്യം– ഈ ധർമ്മമായി പരിണമിക്കുന്നതുവരെ, ഇൻഡ്യയുടെ മററുഭാവങ്ങളെ അയാൾ എത്രമാത്രം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരുന്നാലും, അയാൾക്കു വാസ്തവത്തിൽ ഭാരതമാതാവിന്റെ ഒരു കുട്ടിയായിത്തീരുന്നതിനോ ഭാരതീയരുമായി ഐക്യം ലഭിക്കുന്നതിനോ സാധിക്കയില്ല. "ഹിന്ദുക്കളിൽ വച്ച് ഹിന്ദുവായിത്തീരുന്നതുവരെ ഒരുവൻ" ഒരു അന്യനാട്ടുകാരനായിരിക്കുവാൻ മാത്രമേ സാധിക്കയുള്ളു. എന്നാൽ ഒരു ഹിന്ദുവാകുകയെന്നതു പുറമേയുള്ള വേഷംകൊണ്ടു പ്രാപിക്കാവുന്ന ഒരു അവസ്ഥയല്ല. അതു പ്രകൃതാ മനസ്സ് അത്യാർത്തിയോടെ കൊതിച്ചു അലഞ്ഞുതിരിയുന്ന, ഋഷിമാരുടേയും മഹർഷിമാരുടേയും അനുഭൂതികളാണ്. ലോകത്തിലെ മററു യാതൊരു വർഗ്ഗക്കാർക്കും സമുദായക്കാർക്കും അധീനമായിട്ടില്ലാത്ത ദിവ്യനിധി മനുഷ്യലോകത്തിനു വിതരണം ചെയ്യുന്നതിനായി ഭാരതമാതാവു തന്റെ കൈകളിൽ വച്ചുകൊണ്ടിരിക്കുന്നു. അതിനാൽ ഇൻഡ്യാ സകല രാജ്യങ്ങളുടേയും ഇടയിൽ പ്രഥമസ്ഥാനത്തു സ്ഥിതി ചെയ്യുന്നു. അന്യരാജ്യക്കാർക്കു ധനമുണ്ടായിരിക്കാം. അവർ കൂടുതലായി ഐഹികസുഖം അനുഭവിക്കുന്നുണ്ടായിരിക്കാം. എന്നാൽ ഇൻഡ്യയിൽ ചൈതന്യാമൃതമായ ആത്മതത്വം സ്ഥിതിചെയ്യുന്നു. ഇതില്ലെങ്കിൽ സകല സമുദായവും രാജ്യവും കാലചക്രത്തിന്റെ ഭ്രമണവേഗത്തിൽപെട്ട് നഷ്ടമായിപ്പോകും.

സ്ഥൂലലോകത്തിന്നപ്പുറം, ഇന്ദ്രിയങ്ങൾക്ക് ഗ്രഹിക്കാൻ കഴിയാത്തതായി മനുഷ്യഹൃദയസ്പൃക്കായിരിക്കുന്ന ഏതോ ഒന്നു ഭാരതഭൂമിക്കു സ്വായത്തമായിട്ടുണ്ടു. അതിനോടു ചേർച്ചയുണ്ടാകുമ്പോൾ ഒരുവൻ യഥാർത്ഥഹിന്ദുവായിത്തീരുന്നു. അപ്പോൾ ഒരുവന് ഇൻഡ്യയോടുള്ള സ്നേഹം നൂറിരട്ടി വർദ്ധിക്കുന്നു. അതു ജനങ്ങളോടും രാജ്യത്തോടും ഉള്ള സ്നേഹത്തേക്കാൾ അഗാധതരങ്ങളായ തലങ്ങളിൽ പ്രവേശിക്കുന്നു. അപ്പോൾ ഒരുവന് ഇൻഡ്യയുടെ മർമ്മം–ഇന്ദ്രിയങ്ങൾക്കു ഗ്രഹിക്കാൻ കഴിയാത്ത ആ യഥാർത്ഥഭാവം—പ്രത്യക്ഷമാകുന്നു. ഭാരതമാതാവിന്റെ യഥാർത്ഥസന്താനങ്ങളിൽ ഒരുവനാകണമെന്നു ആഗ്രഹിക്കുന്ന ഏതൊരുവനും ഭാരതീയരുടെ നിർവ്യാജസ്നേഹത്തേയും സഹതാപത്തേയും ഉദിപ്പിച്ചു ഒരു ഹിന്ദുവായിത്തീരേണ്ടിയിരിക്കുന്നു. ഹൃദയം ഹൃദയത്തോടു ബന്ധിക്കയും ആത്മാ ആത്മാവിനെ സ്പർശിക്കയും ചെയ്യുമ്പോൾ മാത്രമേ യഥാ

ഐത്ഥക്യം സംഭവിക്കയുള്ളു. എന്തെന്നാൽ, മതത്തോളം ബലവത്തായി വേറെയാതൊരു ബന്ധവുമില്ല.

ഇതുകൊണ്ടു തന്നെയാണ് നമ്മുടെയിടയിൽ താമസിച്ചു വേലചെയ്യുന്ന സ്വാതന്ത്ര്യതയില്ലാത്ത പല ഉത്തമജനങ്ങളും, അവൎക്കുപ ..പദുദ്ദേശ്യങ്ങളുണ്ടായിരുന്നിട്ടും, വെറും വിദേശീയരായി, വിദേശീയാശയങ്ങളോടുകൂടി, വിദേശീയലക്ഷ്യാനുസാരികളായിത്തന്നെയിരിക്കുന്നതു്. അവൎക്ക് ഇൻഡ്യയുടെ ലക്ഷ്യം – ഭാരതമാതാവിന്റെ മൎമ്മം-മനസ്സിലായിട്ടില്ല; അവർജനങ്ങളുടെ ഹൃദയത്തെ സ്പൎശിക്കുന്നില്ല. അതിനാൽ അവരുടെ ശ്രമങ്ങൾ മിക്കപ്പോഴും ഉത്തമഫലത്തിൽ പൎയ്യവസാനിക്കുന്നില്ല.

ഒരു യഥാൎത്ഥഹിന്ദുവാകുന്നതിന് ഈ രാജ്യത്തെ വേഷാചാരങ്ങളെല്ലാം പകൎത്തി സ്വീകരിക്കണമെന്നില്ല; വേഷ്ടിയും നേരിയതും ധരിക്കണമെന്നില്ല; ഇൻഡ്യയിൽ വന്നു താമസിക്കണമെന്നുമില്ല. ഒരു യഥാൎത്ഥഹിന്ദുവാകുന്നതിന് ഒരുവൻ ഭാരതീയ ഋഷികളുടേയും അവതാരപുരുഷന്മാരുടേയും ആത്മികപുത്രനായിത്തീൎന്ന്, അവരുടെ വചനാമൃതം അത്യാസക്തിയോടെ പാനം ചെയ്യുകയും, അവരുടെ പാദാരവിന്ദങ്ങളിൽ ഇരുന്ന് അദ്ധ്യയനം ചെയ്യുകയും, അദ്ധ്യയനാനന്തരം അവരുടെ ജീവിതക്രമമനുസരിച്ചു ജീവിക്കാൻ ശ്രമിക്കുകയും ചെയ്യണം. അപ്പോൾ നാം യഥാൎത്ഥഹിന്ദുക്കളായി, ഏകോദ്ദേശ്യത്തോടുകൂടിയ ഏകോദരസന്താനങ്ങളായിത്തീരുന്നു. ആ ഏകോദ്ദേശ്യമെന്തു്? ആത്മാവിന്റെ മോക്ഷത്തിനും ജഗത്തിന്റെ ഹിതത്തിനും ആയി കൎമ്മം ചെയ്യുക എന്നതു തന്നെ.

അപ്പോൾ വെളിയിൽ കാണുന്ന വ്യത്യാസങ്ങളെല്ലാം നിസ്സാരങ്ങളായിത്തീരും. തൊലിയുടെ നിറം, ജീവിതക്രമത്തിലെ ലഘുവ്യത്യാസങ്ങൾ എന്നുമാത്രമല്ല എല്ലാ പക്ഷപാതഹേതുക്കളും അസ്തമിക്കുന്നു; വരമ്പുകളും പരിധികളും എല്ലാം തകരുന്നു; ആത്മാ ആത്മാവോടു സംസാരിക്കുന്നു; ഹൃദയം ഹൈന്ദവസമുദായഹൃദയത്തോടൊന്നിച്ചു് തുടിക്കുന്നു.

ഇപ്രകാരം സാദ്ധ്യമാണോ എന്നുള്ളതിനെപ്പററി അല്പംപോലും ശങ്കിക്കേണ്ട ആവശ്യമില്ല. സംശയം നീക്കുന്നതിന് ഒരൊററ നാമം —നിങ്ങൾക്ക് എല്ലാവൎക്കും നല്ലപോലെ പരിചയമുള്ള ഒരു പേരു്.* 'ബ്രഹ്മചാരിണി നിവേദിത' എന്ന ഏക സംജ്ഞ ധാ

* മിസ്സ് മാർഗററ് ഈ-നോബിൾ എന്ന ഇംഗ്ലീഷ് വനിത–ഇവർ ശ്രീ വിവേകാനന്ദസ്വാമികളുടെ ആത്മികശക്തിയാൽ ആകൎഷിക്കപ്പെട്ടു് വീടും, നാടും ഉപേക്ഷിച്ചു് ഇൻഡ്യക്കും ഹിന്ദുമതത്തിനുമായിവേല ചെയ്തു ഇൻഡ്യയിൽ വച്ച് മരിച്ചു.

രാളും ശക്തിമത്തായിത്തീരും. ഞാൻ ഇത്രയും വാക്കുകൊണ്ടു വളച്ചുകെട്ടി പറയുവാൻ ശ്രമിച്ചതെല്ലാം ആ മാന്യമഹതിയുടെ ജീവിതത്തിൽ നിന്നു പ്രത്യക്ഷമായി കണ്ടറിയാവുന്നതാണ്. എന്നെ തെററിദ്ധരിക്കരുത്, 'യഥാൎത്ഥഹിന്ദുക്കളാകുന്നതിന്നു നമുക്കു ദേശീയമതം സ്വീകരിച്ചേ കഴിയൂ, എന്നു ഞാൻ പറഞ്ഞിട്ടുള്ളതു് ഒരു സാമ്പ്രദായികാൎത്ഥത്തിൽ (Sectarian Sense) അല്ല. ഹിന്ദുമതമാണ് എല്ലാ മതങ്ങളിലും വച്ച് ഏററവും വിശാലവും സൎവ്വഗ്രാഹകവുമായിട്ടുള്ളതു്. അതാണു സകല മതങ്ങളുടേയും മൂലമാതാവ്. മററ് എല്ലാമതവും അതിൽ നിന്നുൽഭവിച്ചതാണ്. എല്ലാമതത്തിലേ തത്വങ്ങളും ലോകത്തിലേ ഏററവും പുരാതന മതഗ്രന്ഥമായ ഹൈന്ദവവേദത്തിൽ നിന്നുത്ഭവിച്ചതാണെന്ന് പരീക്ഷിച്ചാൽ അറിയാം.

ഹിന്ദുമതമോ വേദാന്തമോ ഒരു സാമ്പ്രദായികാൎത്ഥത്തിലല്ല ഞാൻ ഗ്രഹിച്ചിട്ടുള്ളതെന്ന് ഇപ്പോൾ വിശദമാക്കാൻ ശ്രമിക്കാം. അതിന് ഇൻഡ്യയിലും വെളിയിലും വച്ചു പലരും എന്നോടു ചോദിച്ചിട്ടുള്ള ഒരു ചോദ്യം എടുത്താൽ മതിയാകും. 'നിങ്ങൾ എന്തിനു ഹിന്ദുമതം സ്വീകരിച്ചു? ക്രിസ്തുമാൎഗ്ഗം നല്ലതല്ലേ? ക്രിസ്തുമാൎഗ്ഗം മനുഷ്യനേ പരമപദത്തിലേയ്ക്കു് നയിക്കയില്ലേ? എന്നാൽ പിന്നെ, നിങ്ങൾ ജനിച്ചു വളൎന്ന, നിങ്ങളുടെ സ്വന്തരാജ്യത്തെ, മതം നിങ്ങൾ എന്തിന് ഉപേക്ഷിച്ചു?' ഇതായിരുന്നു ചോദ്യം. 'ക്രിസ്തുമതം നമുക്ക് ചെയ്തു തന്നിട്ടുള്ളതു് എന്തെല്ലാമെന്ന് നോക്കുക. വേദാന്തം ജനിച്ചു വളൎന്ന് ഇന്നു ദേശീയമതമായി പ്രകാശിക്കുന്ന രാജ്യത്തെ ധനസ്ഥിതിയും സമുദായസ്ഥിതിയും ക്രിസ്തീയ രാജ്യങ്ങളുടേതിനോടു താരതമ്യപ്പെടുത്തി നോക്കുക. ഇൻഡ്യയുടെ ദാരിദ്ര്യവും പാശ്ചാത്യരുടെ ഐശ്വൎയ്യവും കൂടി നോക്കിയാൽ, നിശ്ചയമായും ക്രിസ്തുമാൎഗ്ഗം മനുഷ്യവൎഗ്ഗത്തിന് ഒരു അനുഗ്രഹമാണെന്നും നമ്മുടെ സ്ഥിതി നന്നാക്കുന്നതിന് നാം അന്യരാജ്യങ്ങളേയും അന്യമതങ്ങളേയും ആശ്രയിക്കേണ്ടതില്ലെന്നും ഏതൊരു മഠയനാണ് അറിയാൻ കഴിയാത്തതു്?' എന്നുകൂടി പാശ്ചാത്യർ, ഞാൻ അവിടെ താമസിക്കുമ്പോൾ, എന്നോടു ചോദിക്കാറുണ്ടായിരുന്നു.

ഈ ചോദ്യങ്ങളിൽ രണ്ടാമത്തേതിന് വളരെ എളുപ്പം സമാധാനം പറയാം. പാശ്ചാത്യരുടെ ഐശ്വൎയ്യവും അവരുടെ മതവും തമ്മിൽ യാതൊരു സംബന്ധവും ഇല്ലെന്നാണ് അതിന്റെ സമാധാനം. ഐശ്വൎയ്യവും ധനപുഷ്ടിയുമുള്ള സമുദായങ്ങളുടെ ഘടനാരീതി പഠിപ്പിക്കാനല്ല യേശുക്രിസ്തു ഭൂമിയിലേയ്ക്കു് അവതരിച്ചതു്. അദ്ദേഹം അവതരിച്ചതു് പാപം, ദുരാശ, കാമം, ദ്വേഷം, മത്സരം മുതലായി

എല്ലാ മതങ്ങളും നിന്ദിക്കുന്ന ദോഷങ്ങൾ ഒഴിഞ്ഞ് അലൌകികനായി എങ്ങിനെ ഈ ലോകത്ത് ഒരുമനുഷ്യൻ ജീവിക്കാൻ കഴിയുമെന്ന് പഠിപ്പിക്കുന്നതിനായിരുന്നു. സമുദായത്തിൻെറ നീചനിന്ദ്യാംശങ്ങളെ നശിപ്പിച്ച് മനുഷ്യനെ ശുദ്ധനും ആത്മീകനുമാക്കുന്നതിനായിട്ടാണ് അദ്ദേഹം വന്നത്. എല്ലാററിനും മീതെ ത്യാഗമാണ് അദ്ദേഹം ഉപദേശിച്ചത്.

"ഞാൻ സൌമ്യനും വിനയവാനുമാകുന്നു. എൻെറ ദാസ്യം സ്വീകരിച്ച് എന്നിൽ നിന്ന് നിങ്ങൾ സൌമ്യതയും വിനയവും പഠിക്കുവിൻ. അപ്പോൾ നിങ്ങളുടെ ആത്മാവിന് ശാന്തിയുണ്ടാകും„ എന്ന് അദ്ദേഹം ഉപദേശിക്കുന്നു.

പാശ്ചാത്യസമുദായം നോക്കുക! ക്രിസ്തുദേവൻഉപദേശിച്ച സൌമ്യതയും വിനയവും എവിടെ? അദ്ദേഹം പറഞ്ഞ ആത്മശാന്തി എവിടെ? ഞാൻ കണ്ടിട്ടുള്ള എല്ലാ പാശ്ചാത്യരാജ്യങ്ങളിലും ഉള്ളതിലധികമായി ഈ ഗുണങ്ങൾ ഇൻഡ്യയിൽ ഇന്നും ഉണ്ടെന്ന് ഞാൻ നിങ്ങളോട് തീർച്ച പറയുന്നു.

"നിങ്ങളുടെ ജീവിതത്തെപ്പററിയോ വിശപ്പും ദാഹവും അടക്കുവാനുള്ളവഴിയെപ്പററിയോ വസ്ത്രങ്ങളെപ്പററിയോ ആലോചിക്കായ്‌വിൻ! എന്ന് ഞാൻ നിങ്ങളോട് സത്യമായിപ്പറയുന്നു. ആകാശത്തു പറന്നുനടക്കുന്ന പക്ഷികളെ നോക്കുവിൻ! അവ വിതയ്ക്കുന്നില്ല; കൊയ്യുന്നുമില്ല; കലവറയിൽ ശേഖരിക്കുന്നുമില്ല; എങ്കിലും നിങ്ങളുടെ ദിവ്യപിതാവ് അവയേ രക്ഷിക്കുന്നു. നിങ്ങൾ അവയേക്കാൾ ഉൽകൃഷ്ടതയുള്ളവരല്ലേ?"

ധനം, ആരോഗ്യം, ഐശ്വര്യം എന്നു തുടങ്ങി ഇന്നു ക്രിസ്ത്യാനികളെന്നഭിമാനിക്കുന്ന പടിഞ്ഞാറർ പ്രസംഗിച്ചുനടക്കുന്ന ഉപദേശമാണോ ഇത്?— ഹാ! പടിഞ്ഞാററുടെ ഉപദേശത്തിൻെറ ലക്ഷ്യം പണം തന്നെ! ഇതാണോ ക്രിസ്തുദേവൻെറ കല്പന? അല്ല! പടിഞ്ഞാററുടെ ഐശ്വര്യം ക്രിസ്തുദേവനോടുള്ള പ്രേമത്തിൽ നിന്നോ അദ്ദേഹത്തിൻെറ ഉപദേശം അനുസരിക്കുന്നതിൽ നിന്നോ ഉണ്ടായിട്ടുള്ളതല്ല. അത് ദുരാഗ്രഹം, ധനാകാംക്ഷ, ഭോഗേച്ഛ ഇവയിൽ നിന്ന് ഉത്ഭവിച്ചതാണ്. അത്രമാത്രമോ? ഈ ദുർദ്ദേവതകൾക്കുവേണ്ടി അവർ മനുഷ്യൻെറ ഉത്തമാംശം കൂടി ബലികഴിക്കുന്നു. ഹാ! പാശ്ചാത്യരുടെ ഐശ്വര്യം ക്രിസ്തുമതത്തിൻെറ മഹിമയാണെന്ന് സ്ഥാപിക്കുവാൻ കൊണ്ടുവരുന്ന വാദം ഹിന്ദുക്കളുടെ മുൻപിൽ നിഷ്ഫലമായി ഭവിക്കട്ടെ! അത് അങ്ങനെയെ വരികയുള്ളൂ. ശ്രീകൃഷ്ണ

ൻെറയും, ബുദ്ധൻെറയും, ശങ്കരൻെറയും, ശ്രീചൈതന്യൻെറയും ശ്രീരാമകൃഷ്ണൻെറയും വിവേകാനന്ദൻെറയും കുഞ്ഞുങ്ങൾ അത്ര എളുപ്പം ചതിയിൽ പെടുന്നവരല്ല. ക്രിസ്തുദേവൻെറ യഥാൎത്ഥ ശിശുക്കളേയും അങ്ങനെ ചതിക്കുവാൻ സാധിക്കുന്നതല്ല.

എന്നെ സംബന്ധിച്ചിടത്തോളം ഞാൻ വേദാന്തം സ്വീകരിച്ചതു് എൻെറ ഐഹികസ്ഥിതി നന്നാക്കുവാനല്ല. എൻെറ ആദ്ധ്യാത്മികാഭിവൃദ്ധിക്കുവേണ്ടിയാണു് ഞാൻ വൈദികോപദേശങ്ങളെ ആശ്രയിച്ചതും ഹിന്ദുമതാചാൎയ്യന്മാരുടെ പാദമകരന്ദം ആസ്വദിച്ചതും.

ഇനി നമുക്കു് മറ്റേ ചോദ്യമെടുക്കാം. യഥാൎത്ഥ ക്രിസ്തുമതത്തിലെ നിർവ്യാജഭക്തനു് പരമപദം പ്രാപിക്കാൻ കഴിയുമെങ്കിൽ ഞാൻ എന്തിനു് ക്രിസ്തുമതം ഉപേക്ഷിച്ചു് ഹിന്ദുമതം സ്വീകരിച്ചു? ഇതു് ഒരു മൂൎച്ചയേറിയ ചോദ്യമാണു്. നിർവ്യാജമായി അനുസരിച്ചാൽ സകലമതവും ഒരേ ലക്ഷ്യത്തിലേയ്ക്കു് നയിക്കുമെന്നു് ശ്രീരാമകൃഷ്ണദേവൻ തൻെറ ജീവിതം കൊണ്ടും ഉപദേശം കൊണ്ടും ലോകത്തെ പഠിപ്പിച്ചിട്ടില്ലേ? "ഞാൻ നിങ്ങളെ ഹിന്ദുക്കളാക്കുവാനല്ല ഉത്തമക്രിസ്ത്യാനികളാക്കുവാനത്രെ വന്നിട്ടുള്ളതു്." എന്നു ശ്രീമദ്വിവേകാനന്ദസ്വാമികൾ അമേരിക്കയിൽ വച്ചു് പരസ്യമായി പ്രസംഗിച്ചിട്ടില്ലേ? ആ സ്ഥിതിക്കു് ഈ ചോദ്യം ശ്രീരാമകൃഷ്ണൻെറയും സ്വാമി വിവേകാനന്ദൻേറയും അനുഗാമികളുടെ നേൎക്കു് വിശേഷിച്ചും വളരെ ഗൌരവമുള്ളതാണു്.

അപ്പോൾ ആ ചോദ്യത്തിനു് എനിക്കു് എന്തുത്തരമാണു പറയുവാനുള്ളതു്? ഞാൻ എന്തിനു് ക്രിസ്തുമതം ഉപേക്ഷിച്ചു് ഹിന്ദുവായിത്തീൎന്നു? എന്നെസംബന്ധിച്ചിടത്തോളം ഈ ചോദ്യത്തിൻെറ ഉത്തരം വളരെ ലഘുവാണു്. ഞാൻ ഒരിക്കലും ക്രിസ്തുമതം ഉപേക്ഷിച്ചിട്ടില്ല. ഞാൻ ഒരിക്കലും ക്രിസ്ത്യാനിയായിരുന്നിട്ടുമില്ല. ക്രിസ്തീയ രാജ്യത്താണു് ഞാൻ ജനിച്ചതെങ്കിലും ക്രിസ്തുമതം എൻെറ മതമായി (Religion) ഞാൻ ഒരിക്കലും സ്വീകരിച്ചിട്ടില്ല. ഞാൻ ഒരു സഭയി (ചൎച്ചി) ലോ മതസംഘത്തിലോ ചേൎന്നിരുന്നില്ല. പൌരസ്ത്യസിദ്ധാന്തങ്ങളുമായി കൂട്ടിമുട്ടുന്നതുവരെ മതം ഒരു രൂപത്തിലും ഞാൻ സ്വീകരിച്ചിരുന്നില്ല. ശ്രീമദ്വിവേകാനന്ദസ്വാമികളുടെ വചനാമൃതദ്വാരാ വേദാന്തസുവിശേഷം പ്രവഹിച്ചപ്പോൾ മാത്രമേ ഞാൻ ആദ്ധ്യാത്മിക ജീവിതം അംഗീകരിച്ചുള്ളൂ. ക്രിസ്തുമതം എന്നെ തുണ

യില്ലാതാക്കിയിരുന്നു. ചുഴലിയിലകപ്പെട്ട് അമരവും ഇല്ലാതെ. വിശ്രമസ്ഥാനം കാണാതെ അങ്ങോട്ടുമിങ്ങോട്ടും തിരയിൽ കിടന്ന് തിരിഞ്ഞുമറിയുന്ന ഒരു വള്ളം പോലെയായിരുന്നു എന്റെ സ്ഥിതി. ഞാൻ എല്ലായിടത്തും അന്വേഷിച്ചു; ഒരു വിശ്രമസ്ഥലംപോലും കിട്ടിയില്ല; എന്റെ സംശയങ്ങൾക്കു നിവൃത്തിയുണ്ടായില്ല. മതം (ആത്മികധർമ്മം) എന്നതു മനുഷ്യരെ വഴി തെറ്റിക്കുന്ന ഒരു കുടുക്കുപോലെ എനിക്കു തോന്നി. പള്ളികൾക്കും ഉപദേശിമാർക്കും എന്നെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ല. ഏതുവഴി തിരയണമെന്ന് എനിക്ക് അറിവില്ലാതെയായി. അപ്പോഴാണ് എനിക്കു രക്ഷതരുവാൻ വേദാന്തം വന്നത്. ഇവിടെ എന്റെ സംശയങ്ങൾക്കെല്ലാം ആദ്യമായി സമാധാനം കിട്ടി. എന്റെ ഹൃദയത്തിൽ ആശ്വാസവഴിയുണ്ടായി. പാശ്ചാത്യലോകത്തുവെച്ചു രാമകൃഷ്ണമിഷ്യൻ സന്യാസിമാരുമായി പരിചയപ്പെട്ടപ്പോൾ തന്നെ വഴി മനസ്സിലായി. ലക്ഷ്യത്തിൽ ചെന്നെത്താൻ പറ്റിയ സ്വന്തപരിശ്രമം മാത്രമുണ്ടായാൽ മതിയെന്ന് എനിക്കു ബോധം വന്നു.

അതിനാൽ, ഞാൻ ഒരിക്കലും ക്രിസ്തുമതം അംഗീകരിച്ചിട്ടില്ലായിരുന്നതുകൊണ്ട്, എനിക്ക് ആ വിഷയത്തിൽ ഉപേക്ഷിക്കുവാൻ യാതൊന്നുമില്ലായിരുന്നു. ഒരു ഹിന്ദുവായതിന് ശേഷം മാത്രമാണ് എനിക്കു ക്രിസ്തുദേവന്റെ ഉപദേശങ്ങൾ അംഗീകരിക്കാനും ഗ്രഹിക്കാനും കഴിഞ്ഞത്. എന്നാൽ ഇതുകൊണ്ടു ഞാൻ വീണ്ടും ക്രിസ്ത്യാനിയാകണമെന്നർത്ഥമാകുന്നില്ല. ക്രിസ്തുദേവന്റെ ഉപദേശങ്ങൾ മനസ്സിനെ ആകർഷിക്കുന്നതിനും, ആത്മചൈതന്യത്തെ ഉണർത്തുന്നതിനും ശക്തിയുള്ളവയാണെന്നിരുന്നാലും വേദാന്തത്തിലില്ലാത്തതായി അവയിൽ യാതൊന്നുമില്ല. വേദാന്തത്തിന്റെ മഹിമ എല്ലാ മതങ്ങളെയും കൂട്ടിയോജിപ്പിക്കുന്നതിലാണിരിക്കുന്നതെന്ന് ഒരു ഹിന്ദുവിന്റെ നിലയിൽ ഇപ്പോൾ ഞാൻ കാണുന്നു. കേവലം വിശ്വാസത്തിലും ബാഹ്യമോടികളിലും ഉറപ്പിക്കപ്പെട്ടിരിക്കുന്ന സാമ്പ്രദായികദുർഗ്ഗങ്ങളെല്ലാം ഇടിച്ചുപൊളിച്ച്, വേദാന്തം സ്വാതന്ത്ര്യവിചാരത്തിനു ശക്തി കൊടുക്കുന്നു. പ്രാരംഭത്തിൽ ഞാൻ ഒരു ക്രിസ്ത്യാനിയായിരുന്നെങ്കിൽ ക്രിസ്തുദേവനെത്തന്നെ മിക്കവാറും എന്റെ ഇഷ്ടദേവനായി സ്വീകരിക്കയും ബൈബിളിൽനിന്നുതന്നെ ദിവ്യജ്ഞാനം ലഭിക്കുന്നതിനു ശ്രമിക്കയും ചെയ്യുമായിരുന്നു. എന്നാൽ കാര്യങ്ങളുടെ സ്ഥിതിയനുസരിച്ച് എന്റെ ഹൃദയം, എനിക്കു ആദ്യമായി ആത്മബോധമുണ്ടാക്കിയ ആ വഴിക്കുതന്നെയാണ് പ്രകൃത്യാ തിരിഞ്ഞത്. ഒരു വേദാന്തിയുടെ നിലയിൽ, ക്രിസ്തുദേവൻ ഉപദേശിച്ച യഥാർത്ഥ ക്രിസ്തുമതത്തോട് എനി

ക്ക് ഇപ്പോൾ മത്സരത്തിനവകാശമില്ല.

ശ്രീമദ്വിവേകാനന്ദസ്വാമികൾ ആദ്യം പാശ്ചാത്യലോകത്തു വന്നപ്പോൾ അദ്ദേഹം ഒരു പുതിയ സമ്പ്രദായം (Sect) സ്ഥാപിക്കുവാൻ വന്നിരിക്കയാണെന്നു ജനങ്ങൾ വിചാരിച്ചു. പ്രധാനപത്രങ്ങളുടെ പ്രതിനിധികളെല്ലാം അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തി. ഇവരോടെല്ലാം സ്വാമികൾ തന്റെ സന്ദേശത്തിന്റെ സാരം ഇങ്ങനെയാണെന്നാണു പറഞ്ഞതു. "സമ്പ്രദായങ്ങളെല്ലാം അപ്രധാനാംശങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതാണ്; എല്ലാ മതങ്ങളുടേയും പ്രധാനാംശം ഏറക്കുറെ ഒന്നുതന്നെ. എല്ലാമതവും ഒരേ തത്വത്തെ പലതരം മനക്കണ്ണാടികളിൽ കൂടി പ്രതിഫലിപ്പിക്കുന്നു. വേദാന്തമാണ് എല്ലാ മതത്തിന്റെയും കാതൽ. അപ്രധാനാംശങ്ങളെ ദൂരെ തള്ളിയിട്ട് പ്രധാനാംശത്തിന് വേദാന്തം പ്രാമാണ്യം കല്പിക്കുന്നു." ഇങ്ങനെയാണ് സ്വാമികൾ വിശദമായിപറഞ്ഞ് അവരെമനസ്സിലാക്കിയതു്. ഒരുവനോടും സ്വമതം ഉപേക്ഷിക്കുവാൻ വേദാന്തം ഉപദേശിക്കുന്നില്ലന്നു ഇതിൽനിന്നും സ്പഷ്ടമാണല്ലോ. ഒരുവൻ വേദാന്തിയായിത്തീർന്നാൽ അയാൾ കൃസ്ത്യാനിയല്ലാതെയാകണം എന്നില്ല. ഒരുവൻ കൃസ്ത്യാനിയായിരുന്നുകൊണ്ടു വേദാന്തം അഭ്യസിക്കാം. അപ്പോൾ സ്വന്തമതത്തിന് ഒരു ചൈതന്യം കൂടിയുണ്ടാകുന്നതായി കാണാം. അതിനാൽ വേദാന്താഭ്യാസം കൊണ്ടു ഒരുകൃസ്ത്യാനി കുറെക്കൂടി നല്ല ഒരു കൃസ്ത്യാനിയായിത്തീരുന്നു.

വേദാന്താഭ്യാസം നമ്മെ ചർച്ചിന്റെ (പള്ളിയുടെ) ക്ഷുദ്രോപദേശങ്ങളിൽ അവിശ്വാസികളാക്കിത്തീർത്തേയ്ക്കാം. എന്നാൽ അതു് സകലത്തിന്റെയും ഉള്ളിൽ സ്ഥിതിചെയ്യുന്ന സാക്ഷാൽ കൃസ്തുവിനെ ആരാധിക്കുന്നതിനു സഹായിയായിത്തീരും.

യേശുവിന്റെ അടുത്തുവന്ന് അദ്ദേഹത്തിന്റെ പാദങ്ങളിൽ കുഴമ്പുതേച്ചു തന്റെ തലമുടികൊണ്ടു തുടച്ച * മാഗ്ഡാലിന്റെ കഥകേട്ടപ്പോൾ ശ്രീമദ് വിവേകാനന്ദസ്വാമികൾ, "ഹാ! ഞാൻ യേശുവിന്റെ കാലത്തു ജീവിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പാദാരവിന്ദം എന്റെ ഹൃദയത്തിലെ രക്തംകൊണ്ടു കഴുകുമായിരുന്നുവെല്ലോ എന്ന് ഉൽഘോഷിച്ചു. ആ സമയം സ്വാമികൾ ഒരു യഥാർത്ഥകൃസ്ത്യാനിയായിരുന്നില്ലേ? അദ്ദേഹം കൃസ്തുവിന്റെ ദിവ്യത്വം അനുഭവിച്ചില്ലേ? അപ്പോൾതന്നെ അദ്ദേഹം ഒരു യഥാർത്ഥഹിന്ദുവായും ഇരുന്നില്ലേ? താൻ കൃസ്തുദേവനെ ഉപാസിച്ചിട്ടുണ്ടെന്നും കൃസ്തുദേവൻ തന്റെ മുൻപിൽ പ്രത്യക്ഷനായി ആത്മികരൂപത്തോടുകൂടി

* ഇതു ബൈബിളിലെ ഒരു കഥയാണ്.

തൻെറ ശരീരത്തിൽ പ്രവേശിച്ചു എന്നും ഉപദേശിച്ച ഗുരുവിൻെറ വാക്യത്തേയും അദ്ദേഹം മാനിച്ചില്ലേ? യേശുവും, ശ്രീരാമകൃഷ്ണനും ഒന്നായിത്തീർന്നിരുന്നു. യേശു ദിവ്യപിതാവിൽനിന്ന് അഭിന്നനായിരുന്നതുപോലെതന്നെ ശ്രീരാമകൃഷ്ണനുമായി ഐക്യവും പ്രാപിച്ചിരുന്നു. രാമകൃഷ്ണനിൽ എല്ലാ അവതാരങ്ങളും ഒന്നായിച്ചേന്നു. എല്ലാ അവതാരങ്ങളും അദ്ദേഹത്തിൽ മൂത്തിമത്തായി. പിന്നെ ഹിന്ദുക്കളായ നമുക്ക ഒരു യഥാൎത്ഥ തത്വജിജ്ഞാസുവിനോട്, അയാൾ ഏതുമതസ്ഥനായാലും. എങ്ങിനെ മത്സരിക്കാം? വേദാന്തം സകലമതത്തിൻെറയും മർമ്മമല്ലേ?

ഒരിക്കൽ ഞാൻ കാഷായവസ്ത്രവും ധരിച്ചു തീവണ്ടിയിൽ 3-ാം ക്ലാസ്സ മുറിയിൽ ഡൽഹിക്കുപോകയായിരുന്നു. ഒരു മിഷനറി ഇടക്കുവെച്ചു എന്നെ കാൺമാൻ ഇടയായി. അപ്പോൾമുതൽ ഓരോ സ്റ്റേഷനിൽ എത്തുമ്പോഴും അയാൾ അയാളുടെ മുറിയിൽ നിന്നിറങ്ങി എന്നെ സൂക്ഷിച്ചുനോക്കാൻതുടങ്ങി. ഒടുവിൽ അയാൾ ദൃഢനിശ്ചയത്തോടുകൂടി എൻെറ മുറിയിൽ കയറിവന്നു ഞാൻ ക്രിസ്തുവിനെ ഉപേക്ഷിച്ചുകളഞ്ഞതെന്താണെന്ന് എന്നോടുചോദിച്ചു.

"സർ, ഹിന്ദുധമ്മം സ്വീകരിച്ചതുകൊണ്ട് ഞാൻ ക്രിസ്തുദേവനെ ആദരിക്കുന്നില്ലെന്നു നിങ്ങൾ വിചാരിക്കുന്നുവോ? എന്നാൽ ഇതു സവ്വത്ര അബദ്ധമാണ്. ഒരു ഹിന്ദുവിൽ കൂടിയാണ് ക്രിസ്തുദേവൻെറ യഥാൎത്ഥപ്രകൃതി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്. യേശുവിനേ ഒരു മഹാനായ സദ്ഗുരുവെന്നു മാത്രമെ ഞാൻ പരിഗണിച്ചിരുന്നൊള്ളു. എന്നാൽ ശ്രീമദ്വിവേകാനന്ദസ്വാമികളുടെ കൃപകൊണ്ടാണ് അദ്ദേഹം ഒരു അവതാരപുരുഷനാണെന്ന് എനിക്കറിവാൻ ഇടവന്നതു്. എന്നുമാത്രമല്ല, ഇൻഡ്യയിൽ വന്നശേഷമെ ക്രിസ്തുദേവൻെറ ഉപദേശങ്ങളും ഉദാഹരണകഥകളും എനിക്കു പൂണ്ണമായി ആദരിക്കാൻ കഴിഞ്ഞിട്ടുള്ളു." ഇതായിരുന്നു ഞാൻ അയാളോടുപറഞ്ഞമറുപടി. ഈ ഭാരതഭൂമിയിൽ മാത്രമെ ബൈബിളിൽ പറയുന്ന കഥകൾ യഥാൎത്ഥവും സചേതനവും ആയി എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളു. ക്രിസ്തുദേവൻെറ ഏററവും വിലപിടിച്ച ഉപദേശങ്ങളെല്ലാം, ഈ രാജ്യത്തു വരുന്നതുവരെ എനിക്കു ഉലവം ഇരുളായി തോന്നിയിരുന്നു. ക്രിസ്തുദേവൻ ഉപദേശിച്ച തത്വങ്ങൾ പാശ്ചാത്യോപദേശികളിൽ അധികം പേക്കും മനസ്സിലായിട്ടുള്ളതിനേക്കാൾ നല്ലവണ്ണം, ഇവിടത്തെ സാധാരണ ജനങ്ങൾക്കുപോലും മനസ്സിലായിട്ടുണ്ടു്. ക്രിസ്തുദേവൻ അവതരിക്കുന്നതിനു

വളരെ മുമ്പുതന്നെ ഈ രാജ്യത്തു ഈ തത്വങ്ങൾ അനുഷ്ഠാനത്തിൽ വന്നിട്ടുള്ളതായി കാണുന്നു. യേശു പൌരസ്ത്യനായിരുന്നു. അദ്ദേഹം പൌരസ്ത്യഭാഷയിലാണ് സംസാരിച്ചതു്. അദ്ദേഹം ഒരു സന്യാസിയായിരുന്നു. അദ്ദേഹം ഹിന്ദുശാസ്ത്രങ്ങളിൽ ഉപദേശിക്കപ്പെട്ട വഴിയെയാണ് സഞ്ചരിച്ചതു്. അദ്ദേഹം ഒരു മഹർഷി—ഈശ്വരപുത്രൻ—ആയിരുന്നു. ഋഷിമാരുടേയും അവതാരപുരുഷന്മാരുടേയും മാതൃഭൂമിയായ ഈ രാജ്യത്തെ ജനങ്ങൾ അദ്ദേഹത്തിന്റെ വാക്കുകൾ, അക്ഷരത്തിൽ മാത്രമല്ല, ആശയത്തിൽ തന്നെയും മനസ്സിലാക്കിയിരിക്കുന്നു.

ഇതുകൊണ്ടാണ് ഒരു വേദാന്തിയായതുകൊണ്ടു് ഞാൻ ഒരു യഥാർത്ഥക്രിസ്ത്യാനിയാണെന്നു പറഞ്ഞതു്. വേദാന്തത്തിൽ എല്ലാ മതവും അന്തർഭവിച്ചിരിക്കുന്നു. എന്നാൽ ഞാൻ ഒരു ചർച്ച് ക്രിസ്ത്യാനിയല്ല. ചർച്ചുകൾക്കെല്ലാം ഇൻഡ്യയിൽ വന്ന ഭാരതീയ മഹർഷിമാരുടെ പാദപങ്കജങ്ങളെ പരിസേവനം ചെയ്തെങ്കിൽ മാത്രമേ ക്രിസ്തുദേവന്റെ ഉൽകൃഷ്ടോപദേശങ്ങളുടെ ആന്തരാർത്ഥം മനസ്സിലാക്കാൻ കഴികയുള്ളു. ക്രിസ്ത്യാനികൾ അന്യമതങ്ങളോടുള്ള പെരുമാററത്തിൽ വളരെ അഹംകാരവും ധാർഷ്ട്യവും കാണിച്ചുവരുന്നു. അവരുടെ മതവും, ആ മതം അവരുടെ ജീവിതക്രമം രൂപവൽക്കരിക്കുന്നതിനാൽ മെച്ചപ്പെട്ടിട്ടുള്ളതും, മററുള്ളവരുടെ ദൃഷ്ടിയിൽ, അവർ വിചാരിക്കുന്നതുപോലെ, അത്ര ഉൽകൃഷ്ടമായിരിക്കയില്ലെന്നുള്ള വസ്തുത അവർ ഓർക്കുന്നില്ല. സ്വല്പമെങ്കിലും കാര്യബോധമുള്ള ഹിന്ദുക്കളുടെയിടയിൽ ക്രിസ്ത്യൻ മിഷനറിമാരുടെ അത്യദ്ധ്വാനങ്ങളൊന്നും ഫലിക്കാത്തതു് എന്തുകൊണ്ടു്? ഹിന്ദുക്കൾക്കു ക്രിസ്തുമതത്തിന്റെ മഹിമ മനസ്സിലാക്കുവാൻ ശക്തിയില്ലാഞ്ഞിട്ടല്ല. അന്യമതത്തിലെ തത്വങ്ങൾ ഗ്രഹിക്കുന്നതിൽ അവർക്കുള്ള അശ്രദ്ധകൊണ്ടുമല്ല. ഹിന്ദുക്കളാണ് എല്ലാ വർഗ്ഗക്കാരിലുംവച്ച് ഏററവും ആത്മമുഖമായി പ്രവർത്തിക്കുന്നവരെന്നു സർവ്വത്ര പ്രസിദ്ധമാണ്. അതിനാൽ അവരുടെ ഇടയിൽ ക്രിസ്ത്യാനികളുടെ ശ്രമമെല്ലാം വിഫലമാകുന്നതിന്റെ രഹസ്യം വേറെയാണ്. ഇതു ക്രിസ്ത്യാനികളുടെ ചെവിക്കു് അത്ര രസാവഹമാകയില്ല. പാശ്ചാത്യർ തങ്ങളേക്കാൾ ആത്മികവിഷയത്തിൽ വളരെ പിന്നോക്കമാണ് നിൽക്കുന്നതെന്നു ഹിന്ദുക്കൾക്കു് അറിവുള്ളതുകൊണ്ടാണെന്നുള്ളതാണു് ഇതിന്റെ യഥാർത്ഥകാരണം. ഇതു ക്രിസ്ത്യാനികൾക്കു് അത്ര വിശ്വാസമാകയില്ലായിരിക്കാം; എങ്കിലും ഇതുതന്നെ സത്യം.

ഏതാനും ക്രിസ്ത്യാനികളുടെ ദുരഭിമാനത്തിന്നു ഞാൻ ഒരു ദൃഷ്ടാന്തം പറയാം. ഷിക്കാഗോ നഗരത്തിൽ വെച്ച് സർവ്വധർമ്മമഹാസഭ നടന്നകാലത്തു യൂറോപ്പിലെ എല്ലാ രാജ്യക്കാരോടും പ്രതിനിധികളെ അയയ്ക്കുവാൻ ഭാരവാഹികൾ അപേക്ഷിച്ചിരുന്നു. എന്നാൽ ഒരു ചെറിയ രാജ്യക്കാർ ഈ അപേക്ഷ നിഷേധിക്കയാണുണ്ടായതു്. 'ഇതരമതങ്ങളേക്കാൾ അത്യുൽകൃഷ്ടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ക്രിസ്തുമതത്തെ ആ മതങ്ങളുടെ പ്രതിനിധികൾ നിന്നു പ്രസംഗിക്കുന്ന പ്രസംഗപീഠത്തിൽ അവതരിപ്പിക്കുന്നതു് തങ്ങളുടെ മതത്തിന്നു് അവമാനകരവും ലജ്ജാവഹവും ആണെന്നായിരുന്നു അവരുടെ സമാധാനം. ഇതു് അനേകം ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണു്. എല്ലാ രാജ്യത്തുമുള്ള ക്രിസ്ത്യാനികളിൽ അധികം പേരേയും ക്ഷുദ്രബുദ്ധികളും പരമതദ്വേഷികളുമായിട്ടല്ലേ നാം കാണാറുള്ളതു? ഇൻഡ്യയിൽ അതു കുറെ കൂടുതലായിട്ടത്രെ നാം കാണുന്നതു്; ഇതുതന്നെയാണു് പല പ്രശംസനീയകൃത്യങ്ങളും ഈ നാട്ടിൽ ചെയ്തിട്ടുള്ള ക്രിസ്തീയമിഷണറിമാരുടെ നീചമായ ദോഷം. എല്ലാ നിയമത്തിന്നും അപവാദമുണ്ടു്. എല്ലാററിലും ഒഴിച്ചുവിടേണ്ടവരുണ്ടു്. അങ്ങനെയുള്ള യഥാർത്ഥ പുരുഷന്മാരുടെ മഹിമയറിയുന്നതിൽ ഇൻഡ്യ ഒരിക്കലും പിൻനിൽക്കുന്നതുമല്ല.

ഇനി പാശ്ചാത്യരുടെ ദേശീയമതത്തെക്കുറിച്ചു് അന്യന്മാരുടെ അഭിപ്രായമെന്തെന്നു നോക്കുക. 1876—ൽ ക്രിസ്തുമതത്തെക്കുറിച്ചു പഠിച്ചു മനസ്സിലാക്കിവരുന്നതിനായി ജപ്പാൻ ചക്രവർത്തി ഏതാനും ആളുകളെ ചേർത്തു് ഒരു കമ്മിററി ഏർപ്പെടുത്തി യൂറോപ്പിലേയ്ക്കു് അയച്ചിരുന്നു. ക്രിസ്തുമതത്തിന്റെ നാനാശാഖകൾ തമ്മിലുള്ള വ്യത്യാസം നോട്ടംചെയ്യുന്നതിന്നും ക്രിസ്തുമതംകൊണ്ടു യൂറോപ്പിലെ ജനങ്ങൾക്കു് എന്തു സ്ഥിതിയാണുണ്ടായിട്ടുള്ളതെന്നു മനസ്സിലാക്കുന്നതിന്നുമായിരുന്നു ഇതുവരേ ചുമതലപ്പെടുത്തിയിരുന്നതു്. ഇവരുടെ റിപ്പോർട്ടു് അനുകൂലമായിട്ടാണെങ്കിൽ ജപ്പാനിലേ രാഷ്ട്രീയമതം ക്രിസ്തുമതമാക്കണമെന്നായിരുന്നു ചക്രവർത്തിയുടെ ഉദ്ദേശ്യം. ക്രിസ്തുമതത്തിന്റെ അളവററ വ്യാപ്തിക്കു് ഇതു് ഒരു നല്ല അവസരമായിരുന്നു. എന്നാൽ കമ്മിററി, ജപ്പാനിൽ തിരിച്ചെത്തിയപ്പോൾ സമർപ്പിച്ച റിപ്പോർട്ടു് ക്രിസ്ത്യാനികൾക്കു് ഒട്ടും അനുകൂലമല്ലായിരുന്നു. 'പാശ്ചാത്യലോകത്തെ മതരംഗത്തു് നടക്കുന്ന അനാശാസ്യമായ മത്സരവും കുഴപ്പവും, ക്രിസ്തുദേവന്റെ ഉപദേശങ്ങൾ ജനങ്ങളുടെ നിത്യജീവിതത്തിൽ സ്വല്പംപോലും പ്രവൃത്തിയിൽ വന്നിട്ടില്ലെന്നുള്ള

വസ്തുതയു ജപ്പാൻ ഗവന്മെൻറിന് ക്രിസ്തുമതം സ്വീകരിക്കണമെന്നു ള്ള ആശയെ നിശ്ശേഷം നശിപ്പിച്ചു. അതിനാൽ ജപ്പാനിലെ ആളുകളിൽ ഭൂരിപക്ഷം ബുദ്ധമതക്കാരാണെങ്കിലും അവിടത്തെ ദേശീയ മതം ഇന്നും ഷിൻറോമതമായിത്തന്നെയിരിക്കുന്നു.

എനിക്ക് ഇൻഡ്യയിലുണ്ടായിട്ടുള്ള വലിയ അനുഭവങ്ങളിൽ ഒന്ന്, ഇവിടെ, പാശ്ചാത്യരാജ്യത്തേക്കാൾ, മതം ജനങ്ങളുടെ നിത്യ ജീവിതത്തിൽനിന്ന് അഭിന്നമായിക്കാണുന്നുവെന്നുള്ളതാണ്. എന്നു മാത്രമല്ല, ഇവിടെ സഞ്ചരിക്കയും, ഇവിടുത്തെ താഴ്ന്നജാതിക്കാരുടെ സ്ഥിതി നല്ലവണ്ണം പരിശോധിക്കയും ചെയ്യുമ്പോൾ, ക്രിസ്തുദേവനേയും അദ്ദേഹത്തിൻെറ ജീവിതോപദേശങ്ങളേയും പററിയുള്ള സ്മരണ പാശ്ചാത്യരാജ്യങ്ങളിൽ സഞ്ചരിക്കുമ്പോഴത്തേക്കാളധികമായി ഒരുവന് ഉണ്ടാകുന്നതാണെന്ന് എൻെറ സ്വന്തം അനുഭവംകൊണ്ട് എനിക്കുറപ്പുപറയാൻ കഴിയും.

ക്രിസ്തുമതം, പറയത്തക്കവണ്ണം ഇൻഡ്യയുടെ മർമ്മങ്ങളിൽ പ്രവേശിക്കയോ ഭാരതീയരുടെ ആശയങ്ങളേ പുഷ്ടിപ്പെടുത്തുകയോ, ഇവിടത്തേ സാധാരണ ജനങ്ങളുടെ മേൽ പ്രബലമായി ശക്തി പ്രവേശിപ്പിക്കയോ ചെയ്തിട്ടില്ലെങ്കിലും, ആകപ്പാടെ നോക്കിയാൽ ഹിന്ദുവർഗ്ഗം ഒട്ടാകെ തന്നേ പാശ്ചാത്യരേക്കാൾ ക്രിസ്തുദേവൻെറ ഉപദേശങ്ങളെ അനുസരിക്കുന്നുണ്ടെന്നാണ് എൻെറ അനുഭവംകൊണ്ടുകാണുന്നത്. ക്രിസ്തുദേവൻഇവിടെവരികയോ, ഇവിടെയുള്ള ജനങ്ങളുടെ ഇടയിൽ താമസിക്കയോ ചെയ്തിട്ടല്ല ഇങ്ങനെ വന്നിട്ടുള്ളതു്. പിന്നെ എന്തെന്നാൽ, അദ്ദേഹം ഉപദേശിക്കയും അനുഷ്ഠിക്കയുംചെയ്തിട്ടുള്ളതെല്ലാം, പാശ്ചാത്യരുടെ അഭിമാനഹേതുവായധനത്തേക്കാളും ഐശ്വര്യത്തേക്കാളും വളരെ വളരെ അഭിമാനത്തോടുകൂടി ഹിന്ദുക്കൾ ആദരിച്ച് അംഗീകരിച്ചുവരുന്ന ആ സനാതനമതത്തിൻെറ അംശം മാത്രമായതുകൊണ്ടാണ്.

ഒരു വേദാന്തിയുടെ നിലയിൽ ക്രിസ്തുദേവനേയും അദ്ദേഹത്തിൻെറ ഉപദേശങ്ങളേയും എനിക്ക് ഹൃദയംഗമമായി ഗ്രഹിക്കുവാൻ കഴിയും. എന്നാൽ ആ മഹാപുരുഷൻെറ അത്ഭുതകരമായ ജീവിതം ഇന്നു ക്രിസ്ത്യൻസഭക്കാർ വ്യാഖ്യാനിക്കുന്ന അർത്ഥത്തിൽ ഞാൻ അംഗീകരിക്കുന്നില്ല. വേദങ്ങൾ, ഉപനിഷത്തുകൾ, ഗീത, ശ്രീരാമകൃഷ്ണകഥാമൃതം, ശ്രീവിവേകാനന്ദഗ്രന്ഥാവലി ഇവയിൽ കാണുന്ന വേദാന്തോപദേശങ്ങളിൽകൂടി എല്ലാ ആത്മികമഹാപുരുഷന്മാരു

ടേയും— അവർ ക്രിസ്ത്യാനികളായാലും, ഹിന്ദുക്കളായാലും, മഹമ്മദീയരായാലും, ജൂതന്മാരായാലും— യഥാർത്ഥമഹിമ ഏറക്കുറേ മനസ്സിലാക്കുവാൻ കഴിയുന്നതുകൊണ്ട് എനിക്ക് വേദാന്തി എന്ന നാമം സ്വീകരിക്കുന്നതിൽ വളരെ സന്തോഷവും അഭിമാനവും ഉണ്ട്.

ഹിന്ദുക്കളായ നമുക്ക് നമ്മുടെ സ്വന്തം മഹർഷിമാരും അവതാരപുരുഷന്മാരും ഉണ്ട്. എന്നാൽ അതുകൊണ്ട് അന്യരാജ്യത്തു ജനിച്ചിട്ടുള്ള മഹർഷിമാരെ ആദരിക്കയും ആരാധിക്കയും ചെയ്യുന്നതിൽനിന്ന് യാതൊന്നും നമ്മെ നിരോധിക്കുന്നില്ല.

ഇൻഡ്യയിലെ എൻെറ അനുഭവങ്ങളിൽ വേറൊന്ന് ഇവിടെ അന്യമതദ്വേഷമില്ലായ്മ മാത്രമല്ല; സകല മതസ്നേഹവുംകൂടി പ്രചരിപ്പിക്കുന്നുവെന്ന് കാണുന്നതാണ്. ഏതുമതത്തേയും ഭാരതഭൂമി ആദരിക്കുന്നു. ശത്രുഭയം സ്വല്പം പോലും ഇല്ലാതെ ഇവിടെ ഏതു മതത്തിനും സ്വതന്ത്രം പ്രതിഷ്ഠയേ അവലംബിക്കാം. ഏതുമതസ്ഥനെങ്കിലും ആരാധിക്കുന്ന സ്ഥലത്തേ ദുഷിപ്പിക്കുന്ന കഥകൂടി ഒരു ഹിന്ദു ഒരിക്കലും വിചാരിക്കുന്നതല്ല. ഹിന്ദുക്കളുടെ ദൃഷ്ട്യാ എല്ലാ ആരാധനസ്ഥലവും പരിശുദ്ധമാകുന്നു.

ഹിന്ദുക്കളുടെ നിലയിൽ നാം പറയുന്നതു്, "സഹോദരാ! നിങ്ങൾ നിങ്ങളുടെ രീതിയിൽ ഈശ്വരനെ ഉപാസിച്ചുകൊള്ളുക. എന്നാൽ ഒരു കാര്യം ഞങ്ങൾ നിങ്ങളോടു പറയുന്നു. ഞങ്ങളുടെ മതത്തേ ഉപദ്രവിക്കാതിരിക്കണേ! ഞങ്ങൾ ഞങ്ങളുടെ രീതിയിൽ ഈശ്വരാരാധന ചെയ്തുകൊള്ളട്ടെ!" എന്നാണ്.

ഇതു് പാശ്ചാത്യരുടെ നടപടികളിൽ നിന്ന് എത്ര വ്യത്യസ്തമായിരിക്കുന്നു! ഒരു പ്രത്യേക രീതിയിലുള്ള ആരാധനാ ക്രമം അംഗീകരിക്കായ്ക നിമിത്തം സ്ത്രീപുരുഷന്മാരെ ആയിരമായിരമായി * തീയിലിട്ടു ചുട്ട ആ കാലം ഇനിയെങ്കിലും അസ്തമിച്ചുവല്ലോ! ഈശ്വരോ രക്ഷതു! ഭാരതീയരുടെ ഈ അന്യമതദ്വേഷമില്ലായ്മയും സകലമതാനുകൂല്യവും പാശ്ചാത്യർ കണ്ടു പഠിക്കട്ടെ. ഭാഗ്യവശാൽ പൌരസ്ത്യരുമായുള്ള കൂട്ടുകെട്ടുകൊണ്ട് പാശ്ചാത്യലോകം ഇപ്പോഴെങ്കിലും ഒരു പാഠം പഠിക്കുവാൻ തുടങ്ങിയിരിക്കുന്നു. മുൻകാലത്തു മതദ്വേഷം നിമിത്തം അന്യമതക്കാരെ കൊല്ലാൻ ഉപയോഗിച്ചുവന്ന പീഡനമാർഗ്ഗങ്ങളെ ഭയസംഭ്രമത്തോടുകൂടി അവലോകനം ചെയ്യാത്ത ഒരു ക്രിസ്ത്യാനിയെങ്കിലുമിന്നുണ്ടോ? ഇന്നു നമുക്കു അതു വിശ്വസിക്കാൻകൂടി

* കത്തോലിക്കരും, പ്രോട്ടസ്റ്റൻറുകാരും തമ്മിൽ മത്സരിച്ച് ഇരുകൂട്ടരും എതിർകക്ഷികളെ സംഖ്യയില്ലാതെ ചുട്ടുകൊന്നു.

ങ്ങറിയാം. എന്നാൽ സ്പെയിനിൽ ഒരു സ്ഥലത്തുതന്നെ മുപ്പതിനായിരത്തിലധികമാളുകളെ ജീവനോടെ ചുട്ടതായി റിക്കാർഡുകൊണ്ടറിയുന്നു. ഇതെല്ലാം ചെയ്തത് ഇസബെല്ലാരാണി പറയുംപ്പോലെ, "ക്രിസ്തുദേവന്റേയും കന്യാമാതാവിന്റേയും സ്നേഹത്തിനു വേണ്ടി" ആയിരുന്നപോൽ!

ക്രിസ്ത്യൻസഭയുടേയും ക്രിസ്തീയരക്തസാക്ഷികളുടേയും കഥ വളരെ പരിതാപകരമാണ്. അതെല്ലാം പഴയകഥയാണു്. ഇനി നാം അത്ര കുത്തിയുണർത്തി കൊണ്ടുവരേണ്ട. ക്രിസ്തുദേവന്റെ അനുഗാമികൾ എന്നു പറഞ്ഞു നടന്ന ആ ആളുകളുടെ വികൃതികൾക്ക് ആ മഹാത്മാവിനേയോ അദ്ദേഹത്തിന്റെ ഉപദേശങ്ങളേയോ കുറ്റപ്പെടുത്തേണ്ട ആവശ്യമില്ല. എന്നാൽ നമ്മുടെ ക്രിസ്തീയസഹോദരങ്ങൾ നമ്മെ വിശ്വസിപ്പിക്കുമെൻ ശ്രമിക്കുന്നതുപോലെ 'ക്രിസ്തീയ നാഗരികത ആകപ്പാടെ പൂർണ്ണവിജയമായിട്ടാണോ സ്ഥിതിചെയ്യുന്നത്'? എന്നൊരു ചോദ്യത്തിനു അവകാശമുണ്ട്. ക്ലാസ്സുവിഭാഗം, ധനോപാസന, [Mammon worship] പരപീഡ, പരസ്പരമത്സരം തുടങ്ങിയ അസംഖ്യം ദോഷങ്ങൾ പാശ്ചാത്യസമുദായങ്ങളുടെ അധഃപതനഹേതുക്കളായി ഇന്നും ഇരിക്കുന്നില്ലേ? ഇതിനെല്ലാം ഞങ്ങൾ ക്രിസ്ത്യൻസഭയെ കുറ്റം പറയുന്നില്ല. പക്ഷേ അന്യസമുദായങ്ങളിലേക്കു ഉൽകൃഷ്ടനാഗരികത്വം പ്രചരിപ്പിക്കാൻ ഉപദേശികളെ അയക്കുന്ന സഭകൾക്ക് സ്വന്തരാജ്യങ്ങളുടെ കളങ്കം കളയാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുത പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ കളങ്കമുള്ളതുകൊണ്ടാണ് പാശ്ചാത്യരിൽത്തന്നെ പലരും ക്രിസ്ത്യൻസഭകളിൽ വിശ്വാസമില്ലാതെ ക്രിസ്തുവിന്റെ ജീവിതത്തിനും ഉപദേശത്തിനും, ആ സഭകൾ പഠിപ്പിക്കുന്നതിനേക്കാൾ കുറേക്കൂടി ഉൽകൃഷ്ടമായ വ്യാഖ്യാനം ലഭിക്കാൻ ആകാംക്ഷയോടെ അന്യദേശങ്ങളിലേക്ക് ദൃഷ്ടിപതിപ്പിക്കുന്നതു്.

അങ്ങനെയുള്ള ജനങ്ങൾക്കു നൽകുന്നതിനായി ഭാരതഭൂമിക്കു ഒരു സന്ദേശമുണ്ടെന്നു് ഇനി നമുക്ക് ഉറപ്പായി പറയുന്നതേ? ആത്മീകവിഷയങ്ങളിൽ ഭാരതഭൂമിക്കു പാശ്ചാത്യരിൽ നിന്നു പഠിക്കുവാൻ ഒന്നുംതന്നെയില്ല. നേരേമറിച്ച് ഭാരതഭൂമിക്കു പാശ്ചാത്യരെ പഠിപ്പിക്കുവാൻ വളരെയുണ്ട്. ഹിന്ദുമതം ഇടിച്ചു പൊളിച്ചു് തൽസ്ഥാനത്തു് സ്വമതപ്രതിഷ്ഠ ചെയ്‌വാൻ ശ്രമിക്കുന്നതിനു മുൻപ് ക്രിസ്ത്യൻ മിഷണറിമാരെല്ലാവരും ഈ കാര്യം ഓ

ത്താകൊള്ളട്ടെ. പാശ്ചാത്യലോകത്തിനു പൌരസ്ത്യസന്ദേശം അത്യന്താപേക്ഷിതമായിരിക്കുന്നു.

ഈ സന്ദേശം ഇവിടെനിന്നു പുറപ്പെട്ടുകഴിഞ്ഞു. ഇപ്പോഴും ഇതു് ഇവിടെ നിന്നും പൊയ്ക്കൊണ്ടിരിക്കുന്നു. ശ്രീമദ് വിവേകാനന്ദസ്വാമികളുടേയും അദ്ദേഹത്തിന്റെ അനുയായികളുടേയും ശ്രമങ്ങൾക്കു നമസ്കാരം. പശ്ചിമലോകത്തു രാമകൃഷ്ണമിഷ്യൻ ചെയ്യുന്ന വേല ഇപ്പോൾ ഒരു വലിയ തോതിൽ പ്രത്യക്ഷമാകയില്ലായിരിക്കാം. ഒരു പ്രത്യേക മിഷ്യനായെടുത്താൽ നമ്മുടെ സ്ഥിതി അവിടെ വളരെ അപ്രധാനമായിരിക്കാം. എന്നാൽ നിലം ഒരുക്കി വിത്തു വിതച്ചു കഴിഞ്ഞു. ഇപ്പോൾ അവിടെ പണിയെടുക്കുന്ന സ്വാമിമാർ അതിൽനിന്നുണ്ടാകുന്ന ചെറു ചെടികളെ നനച്ചു രക്ഷിക്കുകയാണ് ചെയ്യുന്നതു്. കൂടക്കൂടെ അവക്ക് നല്ല പ്രതിഫലം കിട്ടുന്നുമുണ്ട്.

സ്വാമി വിവേകാനന്ദന്റെ ചൈതന്യവും ശക്തിയും അവിടെ ഇന്നു് ഏതെല്ലാംവഴി പ്രവഹിക്കുന്നുവെന്നു് ആൎക്കു പറവാൻ കഴിയും? അദ്ദേഹത്തിന്റെ പേരു് എല്ലായിടത്തും കാണുകയില്ലായിരിക്കാം. പക്ഷേ ഫലം കൊണ്ടാണല്ലോ നാം വൃക്ഷമറിയേണ്ടതു്. വേദാന്തം ഇന്നു അവിടെ പലവേഷത്തിൽ പ്രസംഗിച്ചുവരുന്നു. പൌരസ്ത്യസിദ്ധാന്തങ്ങൾ പ്രചരിക്കുന്നതിനുള്ള ശ്രമങ്ങൾ അവിടെ ഏറെക്കുറെ എല്ലായിടത്തും ചെയ്തുവരുന്നു. നവീനാശയസംഘം, ക്രിസ്ത്യൻസൈൻസ്, കൃസ്ത്യൻ യോഗം ഇതെല്ലാം ഒരേതടിയുടെ പലേ കഷണങ്ങൾ തന്നെയാണ്. ഒരു പൌരസ്ത്യന്റെ നിലയിൽ നിന്നുനോക്കിയാൽ ഈ ഉപദേശങ്ങളിലെങ്ങും പുത്തനായി ഒന്നും കാണുകയില്ലാ. ഇതെല്ലാം ഹൈന്ദവവേദങ്ങളിൽ പല സ്ഥലത്തുനിന്നും എടുത്തു കൂട്ടിയിട്ടുള്ള ഉപദേശഖണ്ഡങ്ങൾ മാത്രമാണ്. ഇങ്ങനെ സ്വാമി വിവേകാനന്ദന്റെ ശക്തി ഓരായിരം മാൎഗ്ഗങ്ങളിൽ പ്രവൃത്തിക്കുന്നതായി കാണാം.

സ്വാമി വിവേകാനന്ദന്റെയും സഹോദരസന്യാസികളുടെയും സമ്പൎക്കത്താൽ എത്ര ആളുകളുടെ ജീവിതരീതിക്ക് മാററം സംഭവിച്ചിട്ടുണ്ടെന്നു ആൎക്കു പറയാൻ കഴിയും? ശ്രീരാമകൃഷ്ണപരമഹംസനെ ഈശ്വരന്റെ ഒടുവിലത്തെ അവതാരമായിട്ടുപോലും വളരെ ആളുകൾ അംഗീകരിച്ചിരിക്കുന്നു എന്നു കേൾക്കുമ്പോൾ ആൎക്കാണു ആശ്ചൎയ്യമുണ്ടാകാത്തതു്? എന്നാൽ ഇവരുടെ സംഖ്യ നമുക്കറിഞ്ഞുകൂടാ. നാം അറിയുകയുമില്ലാ. ശ്രീരാമകൃഷ്ണന്റെ വാക്കു് സഫലമായി എന്നുമാത്രം നമുക്കറിയാം. പാശ്ചാത്യന്മാരിൽ പലരും അദ്ദേഹത്തെ ആരാധിക്കുമെന്നു അദ്ദേഹം പറഞ്ഞതു ഫലിച്ചു. പല പാശ്ചാത്യഗൃഹങ്ങളിലും ശ്രീമദ് വിവേകാനന്ദസ്വാമികളുടേയും ശ്രീരാമകൃഷ്ണന്റെയും പടം ബലിപീഠത്തിൽവച്ചു് ആരാധിക്കുന്നതു് ഞാൻ കണ്ടിട്ടുണ്ട്. പല കൃസ്ത്യൻ ഗൃഹങ്ങളിലും ഇന്നു ഭഗവൽഗീത ക്രി

സ്തീയമതഗ്രന്ഥത്തോടൊരുമിച്ചുവച്ചു് ആദരിച്ചുവരുന്നു.

പാശ്ചാത്യഭക്തന്മാരിൽ പലരും ഇൻഡ്യയിൽ വന്നിട്ടില്ല. അത്ര ദീർഘമായ ഒരു യാത്രചെയ്യാൻ എല്ലാവൎക്കും, എളുപ്പവുമല്ല. എങ്കിലും ഇൻഡ്യയെ ഒരു പുണ്യസ്ഥലമായി വളരെപ്പേർ വിചാരിച്ചുവരുന്നു എന്നു എനിക്കറിയാം. അവരെല്ലാവരും മരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ ഇൻഡ്യയിലേക്കു തീർത്ഥയാത്രചെയ്യുന്നതിനു ആകാംക്ഷയോടെ കാത്തിരിക്കുന്നു. അവൎക്കു് ഇൻഡ്യാ, വേദങ്ങളുടേയും വൈദികമഹൎഷിമാരുടേയും വാസഭൂമിയാണെന്നു മാത്രമല്ല അതു ശ്രീരാമകൃഷ്ണദേവൻ ജീവിച്ചു തത്വോപദേശം ചെയ്യുകയും സ്വാമി വിവേകാനന്ദൻ ജനിക്കയും ചെയ്ത അതിവിശുദ്ധലോകമാകുന്നു. അങ്ങനെയുള്ളവർ തങ്ങളെത്താൻ ഹിന്ദുക്കൾ--- ക്രിസ്ത്യാനികളെന്നല്ല--- എന്നു വിളിക്കുന്നതും സൗകൎയ്യമുള്ള പക്ഷം ഇൻഡ്യയെ സന്ദർശിക്കണമെന്നു് ആഗ്രഹിച്ചുകൊണ്ടു ജീവിക്കുന്നതും സഹജമാണല്ലോ.

എന്നാൽ 'നാം ഹിന്ദുക്കളെന്നപേരു് സ്വീകരിക്കണമോ, ക്രിസ്ത്യാനികളെന്നപേരു് സ്വീകരിക്കണമോ? ഒരു അവതാരം സ്വീകരിക്കണമോ, അഥവാ മറെറാരു അവതാരം സ്വീകരിക്കണമോ?, എന്ന കാൎയ്യത്തേക്കുറിച്ചു് ആലോചിച്ചു ബുദ്ധിമുട്ടേണ്ട ആവശ്യം ഇല്ല. ഒരു അവതാരത്തെ ആദരിക്കുന്നവൻ എല്ലാ അവതാരത്തേയും ആദരിക്കുന്നു. എന്തെന്നാൽ എല്ലാം ഒരേ ചൈതന്യത്തിൽ നിന്നുണ്ടായതാണു്.

ശ്രീരാമകൃഷ്ണനെ ഈശ്വരന്റെ ഒടുവിലത്തെ അവതാരമായി അംഗീകരിക്കുന്നതു് അദ്ദേഹത്തിൽ ഭൂതകാലാശയങ്ങളുടേ പൂർത്തിയും സകലലൌകിക സംസ്കാരത്തിന്റേയും, ആത്മികാഭിവൃദ്ധിയുടേയും പരമാവസ്ഥയും നാം കാണുന്നതുകൊണ്ടാണു്. സ്വാമിവിവേകാനന്ദന്റെ ഉപദേശം ഈ യുഗത്തിലേ ധൎമ്മസംഹിതയായി നാം അംഗീകരിക്കുന്നതു്, എല്ലാ യുഗങ്ങളിലും മനുഷ്യൎക്കു ലഭിച്ചിട്ടുള്ള ജ്ഞാനം— സകലമതമൎമ്മമായ മൂലതത്വം— അദ്ദേഹത്തിന്റെ ഉപദേശത്തിൽ അടങ്ങിയിരിക്കുന്നതുകൊണ്ടാണു്. അദ്ദേഹം പാശ്ചാത്യലോകത്തേയ്ക്കു് കൊണ്ടുവന്നതു് അദ്ദേഹത്തിന്റെ ആചാൎയ്യദേവൻ ഭാരതഭൂമിയിൽ പുനൎജ്ജീവിപ്പിച്ചതും പൌരാണികമഹൎഷിമാർ ഉപദേശിച്ചുവന്നതും ആയ സനാതനധൎമ്മം എന്ന ഹിന്ദുക്കളുടേ മതമായ അനാദിതത്വസഞ്ചയം തന്നെയായിരുന്നു. അതിനാൽഹിന്ദുമതം സ്വീകരിക്കുന്നതുകൊണ്ടു് ക്രിസ്തീയലോകത്തു് ജനിച്ച നമുക്കു് യാതൊന്നും നഷ്ടമാകുന്നില്ല. ഹിന്ദുമതസ്വീകരണമെന്നാൽ വിശാലതാപ്രാപ്തി അഥവാ വികാസമാകുന്നു. എന്തെന്നാൽ ഇപ്പോൾ നമുക്കു് എല്ലാ പുണ്യസ്ഥലങ്ങളിലും ആരാധന നടത്താം: എല്ലാ ഋഷീശ്വരന്മാരെയും ആദരിക്കാം; എല്ലാ തത്വദൎശനകാര

കക്ഷികളോടും ഒരുമിച്ചിരുന്ന് ഈശ്വരനെ ഉപാസിക്കാം.

ഇതിൽ കൂടുതലായി എന്റെ ഇൻഡ്യൻ അനുഭവങ്ങളെപ്പറ്റി എന്താണു പറയേണ്ടതു്? ഋഷിമാരുടേയും മഹർഷിമാരുടേയും പാദസ്പർശം കൊണ്ട് പരിപൂതമായ ഈ രാജ്യത്തു് — 'ബ്രഹ്മ സത്യം ജഗന്മിഥ്യാ' എന്ന തത്വം ഒരു കാലത്തും മാഞ്ഞുപോകാതെ മനുഷ്യഹൃദയത്തിൽ വിളങ്ങിക്കൊണ്ടിരിക്കുന്ന ഈ ഭാരതഭൂമിയിൽ — മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി ഭഗവാൻ ഇടവിടാതെ മനുഷ്യരൂപത്തിൽ അവതരിക്കാറുള്ള ഈ പുണ്യഭൂമിയിൽ—— പാശ്ചാത്യലോകജാതനായ ഒരുവന് വരുവാനിടയായതു തന്നെ ഒരു മഹാഭാഗ്യമല്ലേ? സ്വാമി വിവേകാനന്ദൻ നമ്മോടു പറഞ്ഞിട്ടുള്ളതുപോലെ, സകല മനുഷ്യരും കർമ്മമോചനത്തിനുവേണ്ടി വരേണ്ട ലോകമല്ലേ ഇതു്! ഈ രാജ്യത്തു വരുന്നതുതന്നെ ഒരു വലിയ അനുഭവമാണ്. എനിക്കു സിദ്ധിച്ചതുപോലെ കാലാന്തരത്തിൽ പല പാശ്ചാത്യഭക്തന്മാർക്കും ഇവിടെ വന്ന് ഇവിടത്തെ ആളുകളോട്ട് സ്വാതന്ത്ര്യമായി പെരുമാറുവാൻ ഉള്ള ഭാഗ്യം ഉണ്ടാകുമെന്ന് ഞാൻ ആശിക്കുന്നു. ഇതു് ഒരു പക്ഷേ അസാദ്ധ്യമായിരുന്നാൽ തന്നേയും ശ്രീമദ്വിവേകാനന്ദസ്വാമികൾ സ്ഥാപിച്ച രാമകൃഷ്ണമിഷ്യൻ പാശ്ചാത്യലോകത്തു് ചെയ്തുവരുന്ന ശ്രമം നിശ്ചയമായും തത്വദർശനകാംക്ഷികളായ യഥാർത്ഥഭക്തന്മാർക്ക് അത്യന്തം ഉപകാരപ്രദമായിത്തീരുമെന്നാണ് എന്റെ വിശ്വാസം.

മഹൽകൃത്യങ്ങൾ പലതും ചെയ്തുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ക്രിസ്തുദേവന്റെ സ്വന്തഭാഷയിൽ പറകയാണെങ്കിൽ, "വാസ്തവത്തിൽ വിളവ് വളരെ മഹത്തു്. എന്നാൽ വേലക്കാർ വളരെ കുറവ്. അതുകൊണ്ട് ഫലനാഥനായ സർവ്വേശ്വരനോട് ഇനിയും വേലക്കാരെ കൂടുതൽ അയയ്ക്കുവാൻ നിങ്ങൾ പ്രാർത്ഥിക്കുവിൻ."

ശ്രീരാമകൃഷ്ണനും സ്വാമിവിവേകാനന്ദനും ഇൻഡ്യക്കുവേണ്ടി മാത്രമല്ല വന്നതു്. ദുഷ്ടശക്തികൾക്ക് അടിമപ്പെട്ട് കിടുകിടുത്തുകൊണ്ടിരുന്ന ലോകത്തെ രക്ഷിക്കാനായിട്ട് അവർ വന്നു. അതിന്റെ ഫലം എല്ലാരാജ്യത്തും ഉണ്ടാകണം. എന്തെന്നാൽ ശ്രീമദ്വിവേകാനന്ദസ്വാമികൾ തന്റെ ഹിന്ദുസഹോദരന്മാരെ കാഹളം വിളിച്ചറിയിച്ചതു് അവർ ഭൂമിയുടെ നാലു പരിധികളിലും അവരുടെ ആത്മികധർമ്മം പ്രസംഗിച്ച് അവരുടെ ധർമ്മം നിർവ്വഹിച്ച് ലോകാഭിവൃദ്ധിയെ സഹായിക്കണമെന്നായിരുന്നു. പശ്ചിമലോകത്തിന് പൌരസ്ത്യലോകത്തെ വല്ലതും പഠിപ്പിക്കുവാനുണ്ടെന്നിരുന്നാൽ തന്നെയും ഭാരതഭൂമിയുടെ ഉപദേശമാണ് സർവ്വശ്രേഷ്ഠമെന്ന് പാശ്ചാത്യർ മറക്കാതിരിക്കട്ടെ! ഭാരതീയരുടെ മതത്തിന് ഒന്നിനുമാത്രമേ സകലജനങ്ങളുടേയും ഹൃദയത്തിൽ ശാന്തിയും സന്തൃപ്തിയും പ്രതിഷ്ഠിക്കുവാൻ കഴിയുകയുള്ളു.

* ശ്രീഗുരുപാദാർപ്പണമസ്തു. *

# ഞാൻ ഹിന്ദുവായതെന്തിനു്?

(ഡാക്കാ സർവ്വകലാശാലയിൽനിന്നു ബി. എ. ജയിച്ചശേഷം ബാസർ റഹിമാൻ എന്ന പഴയ പേരുപേക്ഷിച്ചു പീയൂഷകാന്തിസിംഹൻ എന്ന പേരു സ്വീകരിച്ചു ഹിന്ദുധർമ്മം അവലംബിച്ചു, മുസൽമാൻജാതിയിൽജനിച്ച ഒരു മാന്യൻ ഒരു പ്രസംഗത്തിൽ പറഞ്ഞതു്.)

"ഞാൻ മുസൽമാനായിരുന്നപ്പോൾ, അവർ (മുസ്ലിങ്ങൾ) ഇൻഡ്യയേക്കാളധികമായി അറേബ്യയേയും ടർക്കിയേയും അവരുടെ മാതൃഭൂമിയായിക്കരുതി വന്നതു് ഞാൻ ഏററവും വ്യസനത്തോടെ വീക്ഷിച്ചുകൊണ്ടിരുന്നു. അവർ ഇൻഡ്യയിലാണു താമസിക്കുന്നതു. എന്നാൽ അവർ എപ്പോഴും അവരുടെ മുഖം മുസ്ലീംരാജ്യങ്ങളിലേക്കു തിരിച്ചുകൊണ്ടാണിരിക്കുന്നതു. ഇടമുറിയാത്ത പാരമ്പര്യത്തോടുകൂടി, ഈ ഭാരതഭൂമിയിൽ നമ്മുടെ പൂർവ്വികന്മാർ നമുക്കു് ഒരു നാഗരികത അവകാശമാക്കിത്തന്നിട്ടുണ്ടു്. ആ നാഗരികതയുടെ ഗുണം മുസൽമാന്മാർ മനഃപൂർവ്വം ഉപേക്ഷിച്ചിരിക്കയാണു്. എന്നാലും ഞാൻ പറയുന്ന ഈ നാഗരികത ഇന്നു് ഇൻഡ്യയിലുള്ള മുസൽമാന്മാരിൽ നൂററിനു തൊണ്ണൂറുപേർകൂടി പങ്കെടുത്തു് ഉണ്ടാക്കിയതാണു്. ഇൻഡ്യയിലെ മുസൽമാന്മാർ ഭാരതീയസമുദായത്തിൽ പുറത്തെവിടെനിന്നോ കൊണ്ടുവന്നു് ഇടപ്പെട്ട വിദേശിവസ്തുപോലെയാണു് ഇന്നു് ഇരിക്കുന്നതു്. ഹിന്ദുക്കളല്ല അവരെ വിദേശികളായി കരുതുന്നതു്. അവർതന്നെയാണു ഭാരതീയസംസ്കാരത്തിൽനിന്നും ഭാരതീയനാഗരികതയിൽ നിന്നും വിട്ടു വളരെ ദൂരെ നില്ക്കുന്നതു്. ഹിന്ദുധർമ്മം സ്വീകരിച്ചതോടുകൂടി ഞാൻ ഭാരതമാതാവിന്റെ അടുക്കലേക്കു തിരിച്ചുവന്നു. ഹിന്ദുക്കൾക്കു് ഇസ്ലാമിനോടോ മററു ഏതെങ്കിലും മതത്തോടോ ദ്വേഷമില്ല. ഹിന്ദുമതത്തിൽ കാണാത്തതായി ഇസ്ലാമികഗ്രന്ഥങ്ങളിൽ ഞാൻ യാതൊന്നും കാണുന്നില്ല. ഒരു അറബിപ്പേരു് ഒരു ഇൻഡ്യാക്കാരനു് ആവശ്യമില്ലാത്തതാണെന്നു മാത്രമല്ല, യുക്തിവിരുദ്ധമാണെന്നുംകൂടി ഞാൻ കാണുന്നു. അവരുടെ അറബിപ്പേരുകളാണു് പ്രത്യേകിച്ചു് ഇൻഡ്യൻ മുസൽമാന്മാരെ ഇൻഡ്യാക്കാരല്ലാതാക്കുന്നതു്. ഞാൻ എന്റെ അറബിപ്പേരുപേക്ഷിച്ചു് ഒരു യഥാർത്ഥ ഇൻഡ്യാക്കാരനായിത്തീർന്നിരിക്കുന്നു. ഞാൻ ഹിന്ദുമതം സ്വീകരിച്ചു. എന്നാൽ ഒരു ഹിന്ദുവായതുകൊണ്ടു് ഞാൻ ഇസ്ലാമിനെ വെറുക്കാൻ പഠിച്ചില്ല. * ഒരു ഹിന്ദുവായിത്തീർന്നതുകൊണ്ടു്, ഞാൻ ഇത്രകാലം മുഹമ്മദിനെ ആദരിച്ചിരുന്നതുപോലെ ലോകത്തുള്ള മററനേകം സിദ്ധന്മാരെയും ബഹുമാനിക്കാൻ പഠിക്കും. ഒരു ഹിന്ദുവായിത്തീർന്നതുകൊണ്ടു് ഞാൻ കുറേക്കൂടി വലിയ ഒരു മുസൽമാനും യഥാർത്ഥ ഭാരതീയനുമായിത്തീരുമെന്നാണു് ഇന്നത്തെ എന്റെ ദൃഢവിശ്വാസം.

*ഇതിൽനിന്നു് എത്ര വ്യത്യസ്തപ്പെട്ടരീതിയിലാണു് ഇസ്ലാം സ്വീകരിച്ച ഹിന്ദുക്കൾ പ്രസംഗിച്ചിരിക്കുന്നതെന്നു നോക്കുക.

# അദ്വൈതാശ്രമ പ്രസിദ്ധീകരണങ്ങൾ.

### 1. പുനർജ്ജന്മമോ ഉയിർത്തെഴുനേൽപ്പോ?

ശ്രീമൽ അഭേദാനന്ദസ്വാമികൾ അമേരിക്കയിൽ ചെയ്ത പ്രസംഗം. മരണശേഷമുള്ള ഗതിയെപ്പറ്റി ഹിന്ദുമതത്തിന്റെയും ക്രിസ്തുമതത്തിന്റെയും സിദ്ധാന്തങ്ങൾ തമ്മിലുള്ള താരതമ്യപഠനം. വില ണ. 1

### 2. ബ്രഹ്മചര്യം.

ബുദ്ധിശക്തി, ദീർഘായുസ്സ്, ചിത്തൈകാഗ്ര്യം മുതലായവ സമ്പാദിക്കുന്നതിന്റെ രഹസ്യം വിവരിക്കുന്ന ഒരു ചെറുപുസ്തകം. വില ണ 1.

### 3 ഗീതയും ഇന്നത്തെ വിഷമപ്രശ്നങ്ങളും.

ഇന്നു ലോകം മുഴുവൻ ഇട്ടലട്ടുന്ന ജാതിമത്സരം, മതമത്സരം, സാമ്പത്തികാധഃപതനം എന്നിവയ്ക്കു ഹിന്ദുമതഗ്രന്ഥങ്ങളിൽ സർവ്വപ്രധാനമായ ഭഗവൽഗീത എങ്ങനെ സമാധാനമുണ്ടാക്കുന്നുവെന്നു ഈ പുസ്തകം വിശദമാക്കുന്നു. ഈ ഗ്രന്ഥത്തിലെ നിയമങ്ങൾ അനുസരിക്കുന്നവർക്കു ഈ വക വിഷമങ്ങളിൽ നിന്നു തീർച്ചയായും രക്ഷ നേടാൻ സാധിക്കും. വില അണ 4.

### 4. വേദാന്തം.

ലോകത്തുള്ള എല്ലാ മഹാമതങ്ങളും എങ്ങനെ വേദാന്തതത്വത്തിലുൾപ്പെടുന്നുവെന്നും അവ ഓരോന്നും എങ്ങനെ ഒരേ ലക്ഷ്യത്തിലേക്കു നയിക്കുന്നുവെന്നും വിശദമാക്കുന്നു. വില അണ 5.

### 5 ഹിന്ദുമതം ശക്തിപരീക്ഷയിൽ.

ഹിന്ദുമതത്തിന്റെ വൈശിഷ്ട്യം, ഹിന്ദുസമുദായത്തിന്റെ അധഃപതനകാരണം, ഹൈന്ദവാദർശനാശത്താൽ ഇന്ത്യയ്ക്കുണ്ടാകാവുന്ന നഷ്ടം, ഹിന്ദുസമുദായരക്ഷയ്ക്കുള്ള മാർഗ്ഗങ്ങൾ മുതലായവയെ ഈ പുസ്തകം ചൂണ്ടിക്കാണിക്കുന്നു. വില അണ 4

---

x തൃശ്ശൂർ, വിലങ്ങൻ പ്രബുദ്ധഭാരതം മാസികയുടെ ആഫീസിലും കാലടി ആശ്രമത്തിലും വിൽക്കാൻ കിട്ടും.

അപേക്ഷിക്കേണ്ടും മേൽവിലാസം:— മാനേജർ

ശ്രീരാമകൃഷ്ണവിദ്യാർത്ഥിമന്ദിരം (Students' Home.)

എറണാകുളം അഞ്ചൽ (പോസ്റ്റ്)

കൊച്ചിസംസ്ഥാനം.

NB

26 DEC 19[illegible]

MUL
097739